ഉത്തരം

(എ, ബി ആന്റ് സി) സംസ്ഥാനത്തെ താലൂക്കുകളുടേയും വില്ലേജുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിശോധിക്കാനാവൂ.

ഭവന നിർമ്മാണ ബോർഡ് എടുത്തിട്ടുള്ള വായ്പ

189. [958] ശ്രീ. കെ. ബി. ഗണേഷ്കുമാർ :

" ഷിബു ബേബിജോൺ :

" ടി. എം. ജേക്കബ് :

" ആർ. ബാലകൃഷ്ണപിള്ള :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡ് 1991 മുതൽ 1996 വരെയും 2001 മുതൽ 2005 വരെയും ഏതെല്ലാം ഏജൻസികളിൽ നിന്ന് എന്ത് തുക കടം എടുത്തിട്ടുണ്ട് ;

(ബി) കടമെടുത്തതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(സി) കടമെടുത്ത പണത്തിൽ നിന്നും നിർമ്മിച്ച ഭവനങ്ങളും റവന്യൂ ടവറുകളും എത്രയാണ് ;

(ഡി) റവന്യൂടവറുകൾക്കായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ഇ) ഓരോ റവന്യൂ ടവറിനും ചെലവഴിച്ച തുകയും അതിൽനിന്നുള്ള വരുമാനവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് 1991 മുതൽ 1996 വരെയും 2001 മുതൽ 2005 വരെയും വിവിധ ഏജൻസികളിൽനിന്നും കടമെടുത്ത തുക താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	HUDCO	Vysya Bank	UBI	HDFC	Federal Bank	Govt. Market borowing
	Rs. in lakhs	Rs. in lakhs	Rs. in lakhs	Rs. in lakhs	Rs. in lakhs	Rs. in lakhs
1991-92	4106.33					
1992-93	3733.26					
1993-94	4118.14			550.00		
1994-95	6722.80	99.00	500.00			200
1995-96	7428.68					250
2001-02			800.00			150
2002-03	1776		63.25		2500.00	320
2003-04						100
2004-05						

(ബി) വായ്പത്തുകകൾക്ക് 8.5% മുതൽ 16% വരെ പലിശയും 10 മുതൽ 14 വർഷം വരെ തിരച്ചടവ് കാലാവധിക്കുമായിരുന്നു പ്രധാന വ്യവസ്ഥകൾ. സർക്കാർ ഗ്യാരന്റിയിൻമേലാണ് ടി തുകകൾ നേടിയിട്ടുള്ളത്.

1991-96 വരെ കടമെടുത്ത തുകകൾ 2001 വരെ വ്യവസ്ഥകൾക്കനുസൃതമായി തിരച്ചടച്ച് വരികയായിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ഹഡ്കോയ്ക്ക് അടയ്ക്കേണ്ടിയിരുന്ന തുകകൾക്ക് മുടക്കം വരികയും സർക്കാരിന്റെ സഹായത്തോടെ പുതുക്കിയ വ്യവസ്ഥകൾ പ്രകാരം തിരിച്ചടവ് നടത്തി വരികയും ചെയ്യുന്നു. 2001-05-ൽ സമാഹരിച്ച തുക വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു വരുന്നു.

(സി) 1991-1996 കാലയളവിൽ ഭവന നിർമ്മാണ ബോർഡ് 20,306 വീടുകൾ വായ്പ പദ്ധതി പ്രകാരവും 1086 യൂനിറ്റുകൾ പൊതു ഭവന പദ്ധതി പ്രകാരവും പൂർത്തീകരിച്ചിട്ടുണ്ട്. 2001-2005-ൽ വായ്പാ പദ്ധതികൾ പ്രകാരം 35,683 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് തിരുവല്ല, ചങ്ങനാശ്ശേരി അടൂർ, കോതമംഗലം എന്നിവിടങ്ങളിൽ റവന്യൂ ടവറുകൾ പൂർത്തീകരിക്കുകയും നെടുമങ്ങാട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ പണികൾ പൂർത്തീകരിച്ച് വരികയുമാണ്. (പൂർത്തീകരിച്ചത് 4 എണ്ണവും പൂർത്തീകരിക്കുവാനുള്ളത് 2 എണ്ണവും).

(ഡി) മേൽപ്പറഞ്ഞ റവന്യൂ ടവറുകൾക്കായി ഏകദേശം 55.16 കോടി രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ റവന്യൂ ടവറുകൾക്കുമായി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവായ തുക ചുവടെ ചേർക്കുന്നു :

അടൂർ റവന്യൂ ടവർ	8.45	കോടി രൂപ
ചങ്ങനാശ്ശേരി റവന്യൂ ടവർ	10.54	കോടി രൂപ
തിരുവല്ല റവന്യൂ ടവർ	10.78	കോടി രൂപ
കോതമംഗലം റവന്യൂ ടവർ	6.89	കോടി രൂപ (പൂർത്തീകരിച്ചത്)
നെടുമങ്ങാട് റവന്യൂ ടവർ	5	കോടി രൂപ (ഏകദേശം)
എറണാകുളം റവന്യൂ ടവർ	13.50	കോടി രൂപ (ഏകദേശം)

ഓരോ റവന്യൂ ടവറിൽ നിന്നും വാടക ഇനത്തിൽ 6/2005 വരെ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

കോതമംഗലം റവന്യൂ ടവർ	37,21,115 രൂപ
തിരുവല്ല റവന്യൂ ടവർ	8,23,641 രൂപ
അടൂർ റവന്യൂ ടവർ	16,96,323 രൂപ
ചങ്ങനാശ്ശേരി റവന്യൂ ടവർ	9,64,708 രൂപ

കൈവശ ഭൂമിക്ക് പട്ടയം നൽകാൻ നടപടി

190. [959] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം നൽകാൻ ഇനിയും എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ തീർപ്പു കൽപ്പിച്ച് പട്ടയം നൽകാൻ ഈ ഗവൺമെന്റിന്റെ കാലത്ത് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) കാസർഗോഡ് താലൂക്കിൽ 2490 അപേക്ഷകളും ഹോസ്ദുർഗ്ഗ് താലൂക്കിൽ 216 അപേക്ഷകളും പട്ടയം നൽകാൻ ഇനിയും ബാക്കിയുണ്ട്. ആയത് പരിശോധിച്ച് അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly